©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2017 ജൂൺ 30<br>30th June 2017<br>1192 മിഥുനം 16<br>16th Mithunam 1192<br>1939 ആഷാഢം 9<br>9th Ashadha 1939 | നമ്പർ<br>No. | 1374 |

## കേരള സർക്കാർ

### വനം വന്യജീവി (സി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 3/2017/വനം. *തിരുവനന്തപുരം, 2017 ജൂൺ 17 / 1192 മിഥുനം 3.*

**എസ്. ആർ. ഒ. നമ്പർ 381/2017.**—1961-ലെ കേരള വനം ആക്റ്റ് (1962-ലെ 4) 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ,—

(എ) താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്ക് ഉള്ളിലുള്ള സ്ഥലങ്ങൾ എലിയറയ്ക്കൽ സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സ് എന്ന പേരിൽ ഒരു റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/2293/2017/S-25.

(ബി) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലങ്ങളെ സംബന്ധിച്ച് അത്തരം അതിർത്തികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തിലോ അതിന്മേലോ അഥവാ അപ്രകാരമുള്ള സ്ഥലത്തുള്ള ഏതെങ്കിലും വനവിഭവത്തിന്മേലോ ഏതെങ്കിലും ആൾക്കുണ്ടെന്ന് അവകാശപ്പെടുന്നതോ പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും, അത് പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യുന്നതിനുംവേണ്ടി അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ, എക്സ്-ഒഫിഷ്യോ, ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കുകയും;

(സി) ഈ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ പ്രസ്തുത ആക്റ്റിന്റെ II-ാം അദ്ധ്യായത്തിൻ കീഴിൽ നടത്തുന്ന ഏതൊരു അന്വേഷണത്തിലും സർക്കാരിനു വേണ്ടി ഹാജരാകുന്നതിന് കോന്നി ഫോറസ്റ്റ് ഡിവിഷന്റെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ, എക്സ്-ഒഫിഷ്യോ, നിയമിക്കുകയും ചെയ്യുന്നു.

പട്ടിക

| ജില്ല | താലൂക്ക് | വില്ലേജ് | ഫോറസ്റ്റ് ഡിവിഷന്റെ പേര് | ഫോറസ്റ്റ് റെയിഞ്ചിന്റെ പേര് | പ്രദേശം | റീ-സർവ്വേ നമ്പർ | ബ്ലോക്ക് നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | കിടപ്പ് | അതിരുകൾ. വടക്ക് | കിഴക്ക് | തെക്ക് | പടിഞ്ഞാറ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| പത്തനംതിട്ട | കോന്നി | കോന്നി | കോന്നി | കോന്നി | എലിയറയ്ക്കൽ സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സ് | 333/1 | 33 | 1.6920 | പുനലൂർ-പത്തനംതിട്ട റോഡിന് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു | സ്വകാര്യസ്ഥലം | സ്വകാര്യസ്ഥലം | റോഡ് | റോഡ് |

**മൊത്തം വിസ്തൃതി—1.6920 ഹെക്ടർ.**

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതായ ഭൂമി കോന്നി വനം ഡിവിഷന്റെ കീഴിലുള്ള കോന്നി റെയിഞ്ചിന്റെ ഭരണ പരിധിയിലുൾപ്പെട്ടതാകുന്ന ടി സ്ഥലം 100 വർഷത്തിലേറെയായി ഗവൺമെന്റ് ടിംബർ ഡിപ്പോയായി ഉപയോഗിച്ചുവരുന്നതും, 1984-നുശേഷം പത്തനംതിട്ട ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ ജില്ലാ ഹെഡ്ക്വാർട്ടേഴ്സായി ഉപയോഗിച്ചു വരുന്നതുമാകുന്നു. നിലവിൽ ടി സ്ഥലം വനം വകുപ്പിന്റെ അധീനതയിലാകുന്നു. പ്രസ്തുത സ്ഥലം പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെട്ട കോന്നി വില്ലേജിലെ ബ്ലോക്ക് നമ്പർ 33-ൽ ഉൾപ്പെട്ടുവരുന്നതും ടി സ്ഥലം സ്വകാര്യഭൂമികളാൽ ചുറ്റപ്പെട്ടും കോന്നി-പത്തനാപുരം റോഡിന് സമീപത്തായും സ്ഥിതിചെയ്യുന്നു. അതുല്യവും, പ്രകൃതിദത്തവുമായ പരിസ്ഥിതി വ്യവസ്ഥകൾ ഉൾപ്പെട്ട ടി സ്ഥലം സമ്പന്നമായ സസ്യ ജീവജാല വൈവിദ്ധ്യത്തോടുകൂടിയതുമാകുന്നു. കൂടാതെ ജനവാസമേഖലയോടു ചേർന്നു കിടക്കുന്നതിനാൽ ടി സ്ഥലം ബാഹ്യമായ ഇടപെടലുകൾക്ക് വിധേയമാകാറുണ്ട്. ആയതിനാൽ ടി സ്ഥലത്തിന് നിയമപരമായ പരിരക്ഷ നൽകേണ്ടത് അത്യാവശ്യമാണ്. അല്ലാത്തപക്ഷം പരിസ്ഥിതി വ്യവസ്ഥയ്ക്ക് അപരിഹാര്യമായ നഷ്ടം സംഭവിക്കുന്നതാണ്. മേൽ സാഹചര്യങ്ങളാൽ 1961-ലെ കേരള വനം ആക്ടിലെ (1962-ലെ 4) 4-ാം വകുപ്പിൻ കീഴിൽ മേൽ പ്രസ്താവിച്ച 1.6920 ഹെക്ടർ സ്ഥലം റിസർവ്വ് വനമായി പ്രഖ്യാപിക്കേണ്ടത് വളരെ അത്യാവശ്യമായി സർക്കാർ കാണുന്നു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## Forest and Wildlife (C) Department

## NOTIFICATION

G. O. (P.) No. 3/2017/F&WLD.

*Dated, Thiruvananthapuram,* *17th June, 2017* / *3rd Mithunam, 1192.*

**S. R. O. No. 381/2017.**—in exercise of the powers conferred by section 4 of the Kerala Forest Act, 1961 (4 of 1962), the Government of Kerala hereby,—

(a) declare that it is proposed to constitute the said land within the boundaries specified in the Schedule attached below as a reserved forest known as **"Eliyaraykkal Social Forestry Complex"**;

(b) appoint the Revenue Divisional Officer, Adoor, *ex-officio,* to be the Forest Settlement Officer, in regard to the lands within the boundaries specified in the Schedule to this notification, to inquire into and determine the existence, nature and extent of any rights claimed, by or alleged to exist in favour of any person in or over any land comprised within such limits, or to any forest produce of such land and to deal with the same as provided in the said Act; and

(c) appoint the Divisional Forest Officer, Konni Forest Division, ex-officio to attend, on behalf of the Government at any enquiry under Chapter II of the said Act held by the Forest Settlement Officer, appointed in this behalf.

SCHEDULE

| District | Taluk | Village | Forest Division | Forest Range | Location | Re-Survey Number | Block Number | Extent in Hectare | Situation | Boundaries | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | North | East | South | West |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| Pathanamthitta | Konni | Konni | Konni | Konni | *Eliyarackal Social Forestry Complex* | 333/1 | 33 | 1.6920 | *Eas of Punalur-Pathanamthitta Road* | *Private Land* | *Private Land* | *Road* | *Road* |

**Total Extent—1.6920 Hectares**

By orders of the Governor,

JAMES VARGHESE,

*Additional Chief Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The land specifically mentioned in the Schedule to the notification falls under the territorial jurisdiction of Konni Range under the Konni Forest Division. The said land has been in use for over one hundred years as Government Timber Depot till 1984 and later used as the District Head Quarters of Pathanamthitta District Social Forestry Division. Presently the land is under Forest Department. The land is comprised in Block No. 33 of Konni Village in Konni Taluk in Pathanamthitta District and the area is surrounded by private land and Konni-Pathanapuram Road. It sustains a thick tree growth with rich floral and faunal diversity. The area is subjected to heavy biotic interference due to its proximity to habitation. It is imperative to provide protection of the said area through appropriate legal measures failing which there will be irreparable damage to the eco-system. In the above circumstances, the Government finds it necessary to declare the above mentioned 1.6920 hectares having as Reserved Forest under section 4 of the Kerala Forest Act, 1961.

This notification is intended to achieve the above object.

---